പ്രസരണ നഷ്ടം കുറക്കുന്നതിന്റെ ഭാഗമായി പുതിയ സബ് സ്റ്റേഷനുകളും ലൈനുകളും നിർമ്മിക്കുക, സബ് സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കുക, റീ-കണ്ടക്ടറിംഗ് ചെയ്യുക, കപ്പാസിറ്ററുകൾ സ്ഥാപിക്കുക തുടങ്ങിയവ സമയ ബന്ധിതമായി നടപ്പിലാക്കി വരുന്നു.

(എഫ്) ഫെബ്രുവരി 1998

(ജി) തിരുവനന്തപുരത്തുള്ള എൻവയൺമെന്റൽ റിസോഴ്സസ് റിസർച്ച് സെന്റർ (ERRC) എന്ന സ്ഥാപനത്തെയാണ് ഏൽപ്പിച്ചത്. 2004 ജനുവരിയിലാണ് ബോർഡിന് റിപ്പോർട്ട് സമർപ്പിച്ചത്.

(എച്ച്) പകർപ്പ് പിന്നീട് ലഭ്യമാക്കുന്നതാണ്.

വൈദ്യുതി കണക്ഷനുള്ള അപേക്ഷകൾ

67 [883] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 ഡിസംബർ 31 വരെ സംസ്ഥാനത്തെ വൈദ്യുതി കണക്ഷനുള്ള അപേക്ഷകളിൽ എത്രയെണ്ണം കണക്ഷൻ നൽകാൻ ബാക്കിയുണ്ട്;

(ബി) അതിൽ ലൈൻ എക്സ്റ്റെൻഷൻ വേണ്ട കണക്ഷനുകൾ എത്ര; നിലവിലുള്ള ലൈനിൽ നിന്ന് നൽകാവുന്ന കണക്ഷനുകൾ എത്ര എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 439,277

(ബി) ലൈൻ എക്സ്റ്റെൻഷൻ വേണ്ട കണക്ഷനുകൾ—226,262 നിലവിലുള്ള ലൈനിൽ നിന്ന് നൽകാവുന്ന കണക്ഷനുകൾ—213,015.

സംസ്ഥാനത്തെ വൈദ്യുതി ബോർഡ് എടുത്ത വായ്പ

68 [884] ശ്രീ. എ. പി. അനിൽ കുമാർ:
„ അടൂർ പ്രകാശ്:
„ ടി. വി. ചന്ദ്രമോഹൻ:
„ എം. മുരളി:
„ തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിന് വായ്പയെടുക്കുന്നതിന് ആരുടെയെങ്കിലും അനുമതി ആവശ്യമുണ്ടോ; എങ്കിൽ ആരുടെ എന്നറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാന വൈദ്യുതി ബോർഡ് എന്തു തുക കടമെടുത്തു;

(സി) 2003-2004-ൽ എന്തു തുകയുടെ വായ്പയെടുത്തു;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എടുത്ത വായ്പയുടെ പലിശ നിരക്കെത്ര;

(ഇ) ഈ വായ്പയോരോന്നും എടുക്കുമ്പോൾ പലിശ നിരക്കെത്ര വീതമായിരുന്നു;

(എഫ്) 2003-2004-ൽ വായ്പയെടുത്ത് തുക എന്തിനെല്ലാം എത്ര വീതം ഉപയോഗിച്ചു;

(ജി) ബാക്കി തുക എന്തു ചെയ്തു;

(എച്ച്) വൈദ്യുതി കട്ട് ഒഴിവാക്കുന്നതിനുവേണ്ടി എത്ര തുകയാണ് ഈ വായ്പയിൽ നിന്നും വിനിയോഗിച്ചത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന വൈദ്യുതി ബോർഡിന് എടുക്കാവുന്ന വായ്പയുടെ പരിധി നിശ്ചയിക്കുന്നത് കേരള സർക്കാരാണ്.

(ബി) 2001-2002, 2002-2003, 2003-2004 എന്നീ വർഷങ്ങളിലായി സംസ്ഥാന വൈദ്യുതി ബോർഡ് 3828.95 കോടി രൂപ കടമെടുത്തിട്ടുണ്ട്.

(സി) ബോർഡിന്റെ താത്ക്കാലിക വാർഷിക കണക്കനുസരിച്ച്, വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1742.74 കോടി രൂപയും സർക്കാരിൽ നിന്ന് 15.645 കോടി രൂപയും വായ്പയെടുത്തിട്ടുണ്ട്.

(ഡി ആന്റ് ഇ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ ധന കാര്യസ്ഥാപനങ്ങളിൽ നിന്ന് എടുത്ത വായ്പകളും അതിന്റെ പലിശനിരക്കുകളും അനുബന്ധമായി ചേർക്കുന്നു†.

(എഫ്—എച്ച്) 2003-2004-ൽ വായ്പയെടുത്ത 1758.385 കോടി രൂപയിൽ നിന്നും, പദ്ധതി ചെലവുകൾക്കായി 317.59 കോടി രൂപയും, പ്രസ്തുത വർഷത്തെ വായ്പ തിരിച്ചടവിനായി 1440.795 കോടി രൂപയും ഉപയോഗിച്ചു. വൈദ്യുതി കട്ട് ഒഴിവാക്കുന്നതിനുവേണ്ടി ഈ വായ്പയിൽ നിന്നും പ്രത്യേകമായി തുകയൊന്നും ഉപയോഗിച്ചിട്ടില്ല.

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly